PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION 1951

Wednesday, *the 26th September 1951*

Vol. IV **OFFICIAL REPORT** **No. 8**

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 26th September 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the serial number in the list of admitted questions for the day)

ORAL ANSWERS

മതപരിവർത്തനം

*൨൨൨ (ഗ) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) ഹിന്ദുമതത്തിൽനിന്നും മറ്റു മതങ്ങളിലേയ്ക്കു മതപരിവർത്തനം ചെയ്യപ്പെട്ടുന്ന വിദ്യാർത്ഥികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സൌജന്യം മതപരിവർത്തനത്തിനുശേഷവും തുടർന്നുകിട്ടുന്നതാണോ?

(ബി) മറ്റു മതങ്ങളിൽ നിന്നും ഹിന്ദുമതത്തിലേയ്ക്ക് മത പരിവർത്തനം ചെയ്യപ്പെട്ടുന്ന വിദ്യാർത്ഥികൾക്കു കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സൌജന്യം മതപരിവർത്തനത്തിനുശേഷം തുടർന്നു കിട്ടുന്നതാണോ?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി) :

(എ) ഹിന്ദുമത പിന്നോക്കസമുദായങ്ങളിൽ നിന്നും ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൌജന്യം കിട്ടുന്നതാണ്.

(ബി) മറ്റുമതങ്ങളിൽനിന്നും ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ഫീസ് സൌജന്യം മാത്രം കിട്ടുന്നതാണ്.

ശ്രീ. പി. നാണു : അപ്പോൾ ഹിന്ദുമതത്തിൽനിന്നും ക്രിസ്തുമതത്തിലേക്കും ക്രിസ്തുമതത്തിൽനിന്നും ഹിന്ദുമതത്തിലേക്കും മതപരിവർത്തനം ചെയ്യുന്നവർക്ക് യാതൊരു വ്യത്യാസവും ഇല്ലെന്നാണോ പറയുന്നത്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) : യാതൊരു വ്യത്യാസവുമില്ല. ഈ കാര്യം മുമ്പുതന്നെ പറഞ്ഞിട്ടുള്ളതാണ്.

Sahib Bahadur A. Abdul Razaak : Does not the policy work against the theory of the secular state?

(No answer)

ശ്രീ. പി. നാണു : ബഹുമാനപ്പെട്ട് മന്ത്രി പറഞ്ഞതു മനസ്സിലായില്ല.

ശ്രീ. സി. കേശവൻ : ക്രിസ്തുമതത്തിൽനിന്നും അധഃകൃതവർഗ്ഗത്തിൽപെട്ട സ്ത്രീകൾ ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം ചെയ്യപ്പെടുമ്പോൾ അവർക്ക

LIBRARY ARCHIVES Kerala Legislative Assembly

എല്ലാക്ലാസ്സുകളിലും ഫീസ് സൌജന്യം അനുവദിക്കുന്നതാണ്. ഇടക്കാലത്തു ബാക്ക് വേഡ് കമ്മ്യണിറ്റീസ് അഡൈ്വസറി ബോർഡ് ക്രിസ്തുമതത്തിൽനിന്നും ഹിന്ദുമതത്തിലേക്ക് മതപരിവർത്തനം ചെയ്യപ്പെട്ടവർ തുടങ്ങിയവർക്ക് മതപരിവർത്തനം ചെയ്തുകഴിഞ്ഞും മുന്നാക്കാവസ്ഥയിലേക്ക് സൌജന്യങ്ങളൊന്നും അനുവദിക്കാൻ പാടില്ല എന്നൊരു നിശ്ചയം പാസാക്കി. ബഹുമാനപ്പെട്ട മെമ്പർ അതിനെ ഉദ്ദേശിച്ചുകൊണ്ട് ഈ ചോദ്യം ചോദിച്ചതാണെന്ന് വിചാരിച്ചുകൊണ്ടു പറയുകയാണ്. അങ്ങിനെ വരുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സൌജന്യങ്ങൾ മുന്നാക്കാവസ്ഥയിലേക്ക് നിറുത്തിവെക്കുവാനുള്ള ആ നിശ്ചയം ഗവൺമെൻറ് അംഗീകരിച്ചിട്ടില്ല. മുമ്പ് നടന്നപോലെ ഇപ്പോഴും നടന്നുകൊണ്ടിരിക്കയാണ്.

ശ്രീ. പി. നാണു : ക്രിസ്തുമതത്തിൽ ഇരിക്കുമ്പോൾ കിട്ടാതിരുന്ന ആനുകൂല്യങ്ങൾ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുമ്പോൾ കൊടുക്കാറുണ്ടോ?

ശ്രീ. എൽ. എം. പൈലി : അതിനെപ്പറ്റിയുള്ള വിവരങ്ങൾ ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. കെ. എ. മാത്യു : മതമാണോ, സാമ്പത്തികവും സാമൂഹ്യവുമായ അവശതയാണോ വിദ്യാഭ്യാസ സൌജന്യങ്ങൾ നൽകുന്നതിനുള്ള അടിസ്ഥാനം?

ശ്രീ. എൽ. എം. പൈലി : മതമല്ല. സാമ്പത്തികവും സാമൂഹ്യവുമായ അവശതയാണ്. ക്രിസ്തുമതത്തിൽ പോയി കുറച്ചുകഴിഞ്ഞു തിരികെ ഹിന്ദുമതത്തിൽ വന്നാൽ പഴയപോലെ വിദ്യാഭ്യാസ സൌജന്യങ്ങൾ വാങ്ങാം എന്നുകരുതി വരുന്നവർക്കാണ് മിക്കവാറും ഈ സൌജന്യങ്ങൾ അനുവദിക്കുന്നത്.

Sahib Bahadur A. Abdul Razaak : I repeat my question; whether this policy of preferential treatment is in conformity with the doctrine of the secular State.

Mr. Speaker : That is a matter of opinion.

സാഹിബ് ബഹദൂർ വി. എ. അബ്ദുൽഅസീസ് : ഒരാൾ ഏതെങ്കിലും മതത്തിൽനിന്നു മറെറാരുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടാൽ മുമ്പു കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾക്ക് വ്യത്യാസം ഉണ്ടാകാറുണ്ടോ?

ശ്രീ. എൽ. എം. പൈലി : ഷെഡ്യൂൾഡ് കാസ്റ്റുകളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തങ്ങളുണ്ടാകാം.

സ്റ്റൈപ്പൻഡ്

*൨൰൩ (൨) ശ്രീ. പി. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) കൊച്ചി വിഭാഗത്തെ ടെയിനിംഗ് വിദ്യാർത്ഥികൾക്ക് ഗവൺമെണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള സ്റ്റൈപ്പൻറ് സംഖ്യ എത്രയാണ്?

(ബി) തിരുവിതാംകൂർ വിഭാഗത്തിലുള്ള ടെയിനിംഗ് വിദ്യാർത്ഥികൾക്കനുവദിച്ചിട്ടുള്ള സ്റ്റൈപ്പൻഡ് സംഖ്യ എത്രയാണ്?

വിദ്യാഭ്യാസവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി) : എ) & (ബി) ഇതിനെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ പറയുന്നവയാണ്

LIBRARY ARCHIVES Kerala Legislative Assembly